

പറവൂർ ബ്ലോക്ക് നാളികേര ഉല്പാദക ഫെഡറേഷന് നീര ഉല്പാദിപ്പിക്കാനുള്ള ലൈസൻസ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഫെഡറേഷൻ പ്രസിഡൻറ് പി.കെ. ഹരിഹരന് നൽകുന്നു

# പറവൂർ ബ്ലോക്ക് നാളികേര ഫെഡറേഷന് 1500 തെങ്ങിൽ നിന്ന് നീര ഉല്പാദിപ്പിയ്ക്കാൻ ലൈസൻസ്

**പറവൂർ:** ബ്ലോക്ക് നാളികേര ഫെഡറേഷന് തെങ്ങിൽ നിന്നും നീര ഉല്പാദിപ്പിക്കാൻ എക്സൈസ് വകുപ്പ് അനുമതി നൽകി.

ലൈസൻസ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽ നിന്നും ഫെഡറേഷൻ പ്രസിഡൻറ് പി.കെ. ഹരിഹരൻ ഏറ്റുവാങ്ങി. പറവൂർ നാളികേര ഉല്പാദക ഫെഡറേഷൻെറ കീഴിൽ 22 നാളികേര ഉല്പാദക സംഘങ്ങളുണ്ട്. 2200 ഓളം കേരകർഷകർ ഇതിൽ അംഗങ്ങളാണ്. മൊത്തം 85,000 തെങ്ങുകറം ഫെഡറേഷൻ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഉല്പാദക സംഘങ്ങളുടെ കീഴിലുണ്ട്.

നീര ഉല്പാദനവുമായി ബന്ധപ്പെട്ട് 20 നീര ടെക്നീഷ്യന്മാർക്ക് നാളികേര വികസന ബോർഡ് പരിശീലനം നൽകിയിട്ടുണ്ട്. പറവൂർ മേഖലയിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുവാൻ ലക്ഷ്യമുണ്ടെന്ന് പ്രസിഡൻറ് പി.കെ. ഹരിഹരൻ പറഞ്ഞു. എക്സൈസ് അധികൃതർ തെങ്ങുകറംക്ക് നമ്പർ നൽകുന്ന മുറയ്ക്ക് പറവൂരിൽ നീര ഉല്പാദനം ആരംഭിക്കും.